MTTP–002

# मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम
# (पी.जी.सी.एम.एच.टी.)

## अनुवाद परियोजना

(जनवरी 2023 और जुलाई 2023 सत्रों में
प्रवेश लेने वाले विद्यार्थियों के लिए)

इग्नू
जन-जन का
विश्वविद्यालय

अनुवाद अध्ययन और प्रशिक्षण विद्यापीठ
इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय
मैदानगढ़ी, नई दिल्ली–110 068



Scanned with CamScanner

# अनुवाद परियोजना
## (एम.टी.टी.पी.-002)

**(जनवरी 2023 और जुलाई 2023 सत्रों में प्रवेश लेने वाले विद्यार्थियों के लिए)**

**कार्यक्रम कोड : पी.जी.सी.एम.एच.टी.**

जैसा कि आपको बताया जा चुका है कि 'मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट कार्यक्रम' (पी.जी.सी.एम.एच.टी.) को पूरा करने के लिए आपको चार–चार क्रेडिट के चार पाठ्यक्रम करने होंगे। इस स्नातकोत्तर सर्टिफिकेट कार्यक्रम का चौथा पाठ्यक्रम (एम.टी.टी.पी.–002) 'अनुवाद परियोजना' का है। इस परियोजना के अंतर्गत आपको दी गई सामग्री का अनुवाद करना है। अनुवाद के लिए सामग्री संलग्न है। इसका अनुवाद करके आपको मूल्यांकन के लिए प्रस्तुत करना है। ध्यान रहे कि यह 'अनुवाद परियोजना' एक स्वतंत्र पाठ्यक्रम के समकक्ष है। इसमें उत्तीर्ण होना आवश्यक है।

### परियोजना करने का तरीका

प्रस्तुत सामग्री को ध्यानपूर्वक पढ़ें। इससे आप समझ जाएँगे कि यह किस विषय से संबंधित है और इसमें प्रमुखतया क्या कहा गया है। इसके बाद आप इस सामग्री में से वे शब्द और मुहावरे आदि छाँटिए जिनका अर्थ अथवा जिनके हिंदी पर्याय आपको पता नहीं हैं। इन शब्दों को एक कागज़ पर नोट कर लीजिए। ध्यान दीजिए कि अनूद्य सामग्री के अनुवाद करते समय आपको कौन–कौन से कोश देखने की जरूरत है। विषय के अनुरूप समुचित कोशों में से उन शब्दों के पर्याय नोट कर लीजिए।

अब अनूद्य सामग्री को एक बार पुनः पढ़िए। गौर कीजिए कि अब की बार यह आपको ज्यादा अच्छी तरह समझ आती है कि नहीं। यदि कोई अंश समझ में न आ रहा हो तो उसे फिर से पढ़िए और पता लगाइए कि कठिनाई कहाँ है – शब्दों का अर्थ समझने में अथवा वाक्य–विन्यास को समझने में। यदि कोई वाक्य न समझ आ रहा हो तो उसे दूसरी बार, तीसरी बार पढ़िए।

इस सामग्री में प्रयुक्त संक्षिप्तियों पर ध्यान दीजिए। उनके पूर्ण रूप क्या हैं, जानने की कोशिश कीजिए। अधिकांश संक्षिप्तियों के पूर्ण रूप आपको इस सामग्री में ही मिल जाएँगे।

इस तरह अनूद्य सामग्री का अर्थ भली–भाँति समझ लेने के पश्चात उसका अनुवाद आरंभ कीजिए। अनुवाद करते समय भी शब्दकोश का भरपूर उपयोग कीजिए। जिन शब्दों के अर्थ आपको पता हैं उनके लिए भी शब्दकोश देखिए ताकि विषय और संदर्भ के अनुकूल पर्यायों का चयन कर सकें। वाक्य–विन्यास लक्ष्य भाषा (अर्थात् हिंदी/मलयालम) की प्रकृति के अनुसार कीजिए। यानी आपका बनाया वाक्य ऐसा लगे कि आप अनुवाद नहीं कर रहे बल्कि उस भाषा में मूल रूप में लिख रहे हैं। ऐसा तभी होगा जब आपकी वाक्य–रचना स्रोत में कही गई बात का अनुकरण न होकर लक्ष्य भाषा की कथन–शैली के अनुरूप और सहज होगी।

एक पैराग्राफ अथवा एक पृष्ठ का अनुवाद करने के बाद अपने अनुवाद को मूल सामग्री से मिलाइए और देखिए कि आपके अनुवाद का वही अर्थ निकल रहा है जो मूल कथन में कहा गया है। यदि अंतर दिखाई दे तो अपने अनुवाद में सुधार कीजिए। पूरी तरह आवश्स्त होने के बाद अनुवाद को आगे बढ़ाइए। अगले पैराग्राफ/पृष्ठ के अनुवाद के बाद फिर यही जाँच–प्रक्रिया दोहराइए और अनुवाद करते जाइए।

अनुवाद पूरा करने के पश्चात उसे एक बाद फिर मूल सामग्री से मिलाइए और जाँच कीजिए कि आपका अनुवाद और मूल सामग्री समान अर्थ प्रकट करते हैं। यह भी जाँच कीजिए कि कहीं कोई पैराग्राफ, वाक्य अथवा वाक्यांश अनुवाद होने से छूट तो नहीं गया है। तत्पश्चात अनूदित सामग्री को साफ–साफ लिखकर हस्तलिखित रूप में लिखिए अथवा टंकण की व्यवस्था कीजिए।



Scanned with CamScanner

## अनुवाद परियोजना की प्रस्तुति

- अनुवाद परियोजना फुलस्केप आकार के कागज पर पर्याप्त हाशिया छोड़ते हुए एक तरफ टंकित कराके और बाइडिंग कराके प्रस्तुत करें।

- अनूदित परियोजना के आरंभिक पृष्ठ पर आपके इस कार्यक्रम का शीर्षक, पाठ्यक्रम कोड और शीर्षक, नामांकन संख्या, नाम, पता, अध्ययन केंद्र का कोड लिखा होना चाहिए और अंत में आपके हस्ताक्षर एवं प्रस्तुति की तिथि का उल्लेख होना चाहिए। इस तरह, आपकी 'अनुवाद परियोजना' का आरंभिक पृष्ठ इस प्रकार होगा :

---

कार्यक्रम का शीर्षक : मलयालम–हिंदी अनुवाद में स्नातकोत्तर सर्टिफिकेट (पी.जी.सी.एम.एच.टी.)

पाठ्यक्रम कोड : एम.टी.टी.पी.–002

पाठ्यक्रम का शीर्षक : अनुवाद परियोजना

सत्रीय कार्य कोड : ..................................................................................................

अध्ययन केंद्र का नामः ..................................................................................................

नामांकन संख्या : ..................................................................................................

नाम : ..................................................................................................

पता : ..................................................................................................

..................................................................................................

हस्ताक्षर : ..................................................................................................

तिथि : ..................................................................................................

---

- अनुवाद परियोजना के साथ एक **प्रमाण–पत्र भी लगाएँ** जिसमें आपके अपने हस्ताक्षर सहित यह प्रमाणित किया गया हो कि आपने यह अनुवाद–कार्य स्वयं किया है और इसके लिए किसी व्यक्ति की सहायता नहीं ली गई है।

- **अनुवाद परियोजना विश्वविद्यालय में निम्नलिखित पते पर व्यक्तिगत रूप से अथवा पंजीकृत डाक द्वारा भेजें :**

  कुलसचिव
  विद्यार्थी मूल्यांकन प्रभाग (SED)
  इंदिरा गांधी राष्ट्रीय मुक्त विश्वविद्यालय
  मैदान गढ़ी, नई दिल्ली–110068

### अनुवाद परियोजना प्रस्तुत करने की अंतिम तिथि

जनवरी 2023 में प्रवेश लेने वाले विद्यार्थियों के लिए : **31 मई, 2023**
जुलाई 2023 में प्रवेश लेने वाले विद्यार्थियों के लिए : **30 नवंबर, 2023**

अंतिम तिथि के बाद भेजी गई परियोजना का मूल्यांकन विलंब से होगा और आप इस अध्ययन कार्यकम को देर से पूरा कर सकेंगे।

**कृपया ध्यान दें :**

प्रस्तुत की गई अनुवाद परियोजना की एक प्रति (फोटोकॉपी) अपने पास अवश्य रख लें।

**शुभकामनाओं सहित।**



Scanned with CamScanner

1 साहित्य-समीक्षा

## വീണപൂവ് -ഒരു പഠനം

പദ്യസാഹിത്യത്തിലെ പരിവർത്തനോന്മുഖമായ ഒരു നവോത്ഥാനത്തിന്റെ ഗണപതിക്കുറിപ്പായിരുന്നു കുമാരനാശാന്റെ വീണപൂവ്. 1908ൽ ആശാൻ പാലക്കാട്ടു താമസിച്ചിരുന്ന കാലത്താണ് ഈ ലഘുകാവ്യമെഴുതിയത്. കോഴിക്കോട്ടു നിന്ന് അന്നു പുറപ്പെട്ടിരുന്ന മിതവാദി മാസികയിൽ അത് ആദ്യം പ്രസിദ്ധീകൃതമായി. സുപ്രസിദ്ധ സാഹിത്യകാരനായ സുബ്രഹ്മണ്യൻ പോറ്റി അതു പകർത്തിയെടുത്ത് കോട്ടയത്തുനിന്നു പുറപ്പെട്ടിരുന്ന ഭാഷാപോഷിണി മാസികയ്ക്ക് അയച്ചുകോടുത്തു. വീണപൂവ് പ്രചുരപ്രചാരമുള്ള ഒരു മാസികയിൽ വീണ്ടും പ്രസിദ്ധീകൃതമയി. മേഘജ്യോതിസ്സുപോലെ ക്ഷണികമായിരുന്നു ആശാന്റെ സാഹിത്യജീവിതം. വീണപൂവിന്റെ രചനയ്ക്കുശേഷം പതിനാറു കാല്ലമേ അദ്ദേഹം ജീവിച്ചിരുന്നുള്ളു. ഇതിനിടയിൽ നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, പ്രരോദനം, ചിന്താവിഷ്ടയായ സീത എന്നീ വിശിഷ്ടകാവ്യങ്ങളും ആ അനുഗൃഹീത തൂലികയിൽനിന്നു കൈരളിക്കു ലഭിച്ചു. വീണപൂവ് ആശാന്റെ കാവ്യമാർഗത്തിലെതന്നെ ഒരു വഴിത്തിരിവായിരുന്നു.

ഷെല്ലി, കീറ്റ്സ് മുതലായ ആംഗ്ലേയ കവികളുടെ റൊമാന്റിക് കാവ്യസങ്കല്പങ്ങളുടെ സവിശേഷതകൾ ഈ കവിതയിലും പതിഫലിക്കുന്നുണ്ടെന്ന് നിരൂപകലാർ പറയുന്നു. സംസ്കൃതപാണ്ഡിത്യം മാത്രമായിരുന്നില്ല ആശാന്റെ കവിത്വത്തിനു പോഷണം നൽകിയത് ശ്രീനാരായണഗുരുവിന്റെ ശിഷ്യത്വം കൊണ്ടുണ്ടായ വേദാന്തശീലവും കൽക്കട്ടയിലെ വിദ്യാഭ്യാസജീവിതത്തിനിടയിൽ സ്വായത്തമാക്കിയ പാശ്ചാത്യസാഹത്യ പരിചയവും അക്കാലത്ത് ബംഗാളിൽ അങ്കുരിതമായ നവോത്ഥാനത്തോടുള്ള ആഭിമുഖ്യവും കുമാരനാശാന്റെ വ്യക്തിത്വത്തെ വികസിപ്പിച്ചു.

വീണപൂവിൽ ആശാന്റെ ജീവിതദർശനം വിഷാദച്ഛായ കലർന്നതാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ ജീവിതത്തിലെ ലോഭനീയമായ താരുണ്യ ലാവണ്യങ്ങളുടെയും സുഖഭോഗങ്ങളുടെയും അസ്ഥിരതയും അലംഘനീയമായ പതനവും കവി ഇവിടെ എടുത്തു കാണിച്ചിരിക്കുന്നു.

2 कंबोडिया का एक गाँव

### റോബിബ് ഗ്രാമം

ലോകത്തെ മറ്റേതു കുഗ്രാമങ്ങളെയും പോലെതന്നെ കമ്പോഡിയയുടെ വളരെ വിദൂരമായ ആറു കൊച്ചുഗ്രാമങ്ങൾ കൂടിച്ചേർന്നതാണ് റോബിബ് ഗ്രാമം. ദാരിദ്ര്യം, അനാരോഗ്യം, നിരക്ഷരത, അരക്ഷിതാവസ്ഥ, സാമ്പത്തികമാന്ദ്യം തുടങ്ങിയ അവികസിത-വികസ്വര രാജ്യങ്ങളുടെ തിരാശാപമായ സവിശേഷതകളെല്ലാം അതിന്റെ തീവ്രമായ രീതിയിൽത്തന്നെ ഈ ഗ്രാമത്തിലും നിലനില്ക്കുന്നുണ്ട്. കേവലം 40 ഡോളറിൽത്താഴെയാണ് ഗ്രാമീണരുടെ പ്രതിശീർഷവരുമാനം. വർഷത്തിൽ ഒരുതവണ കൊയ്ത്തുണ്ടെങ്കിലും ഇത് ഇവിടെയുള്ളവരുടെ ആഹാരത്തിനുതന്നെ തികയുന്നില്ല. വെള്ളപ്പൊക്കം പോലുള്ള പ്രതികൂലകാലാവസ്ഥകളിൽ മാറിത്താമസിക്കാൻ ഇടമില്ല. ഉൽപാദിപ്പിക്കപ്പെടുന്ന പച്ചക്കറികളും മറ്റും പരസ്പരം കൈമാറ്റം ചെയ്യപ്പെടുകയല്ലാതെ വാണിജ്യസാദ്ധ്യതകൾ തീരെയില്ല. ഏക ആരോഗ്യകേന്ദ്രത്തിലാകട്ടെ, അവശ്യം മരുന്നുകൾപോലുമില്ലാത്തതിനാൽ അല്പം ഗൗരവമുള്ള അസുഖം വന്നാൽ പരലോകപ്രാപ്തിതന്നെ മാർഗ്ഗം. മാസത്തിലൊരിക്കൽ മാത്രം സന്ദർശിക്കുന്ന അനൗദ്യോഗിക വൈദ്യസഹായ ഏജൻസിയാണ് ഏക ആശ്രയം - ഇവർക്കുതന്നെയും കേവല പരിശോധനകൾക്കപ്പുറം മരുന്നുകളൊന്നും നല്കാൻ കഴിയില്ലെങ്കിൽപ്പോലും.

ഗ്രാമത്തിൽനിന്നു രണ്ടുമണിക്കൂർ സഞ്ചരിച്ചാലെത്തുന്ന കൊച്ചുപട്ടണത്തിലേക്കു ദിവസേന ഒരു ട്രിപ്പ് മാത്രം ഓടുന്ന ഒരു ടാക്സിയാണ് ഇവരുടെ ഏക സഞ്ചാരവാഹനം. വൈദ്യുതി, ടെലഫോൺ, ശുദ്ധജലപ്പൈപ്പുകൾ.... ഈ സംവിധാനങ്ങളൊന്നും ഇവർ കണ്ടിട്ടില്ല. റേഡിയോ ഉപകരണമുപയോഗിച്ചു പുറത്തേക്കൊന്നു വിനിമയം നടത്തണമെങ്കിൽ പത്തുമണിക്കൂറോളം വാഹനത്തിൽ സഞ്ചരിക്കണം. ഏകദേശം രണ്ടായിരത്തിലധികം കുട്ടികളുള്ള ഈ ഗ്രാമത്തിൽ ഇപ്പോൾ പലരും ആറുവർഷത്തേക്കെങ്കിലും സ്കൂൾവിദ്യാഭ്യാസം നേടാൻ തയ്യാറായത് നല്ല കാര്യം.

ഒരുകാര്യത്തിൽ റോബിബ് അനുഗൃഹീതമാണ്. ആഭ്യന്തരവും വൈദേശികവുമായ ആക്രമണപരമ്പരകളുടെ അവശിഷ്ടമായി തൊട്ടടുത്ത ഗ്രാമങ്ങളിലെല്ലാം അപകടകാരികളായ ധാരാളം 'മൈനുകൾ' ഒളിഞ്ഞുകിടപ്പുണ്ടെങ്കിലും ഈ ഭീഷണി ഇവിടെയില്ല.



Scanned with CamScanner

3 ചരിത്രം — इतिहास

മാർത്താണ്ഡവർമ്മയെ തുടന്ന് തിരുവിതാംകൂറിൽ സിംഹാസനാരോഹണംചെയ്ത രാമവർമ്മ ധർമ്മരാജാവ് ഒരുയുദ്ധകുതുകി ആയിരുന്നില്ല. രാജ്യത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നുവെങ്കിൽകൂടി രാജ്യത്തിനകത്ത് സാമാധാനവും പരിഷ്കാരവും കൈവരുത്തുന്നതിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ ക്രൂടുതലായി പതിഞ്ഞത്. പക്ഷേ, സംഭവഗതികൾ തിരിഞ്ഞാണ് ഉണ്ടായത്. കൊച്ചീരാജ്യം അപ്പോഴും മിക്കവാറും സാമൂതിരിയുടെ കൈവശത്തിലായിരുന്നു. അതെങ്ങനെയും വീണ്ടെടുത്തുകൊടുക്കണമെന്നുള്ള അപേക്ഷയുമായി പാലിയത്തു കോമ്പിയച്ചൻ തിരുവനന്തപുരത്തുവന്നു. 1761 അവസാനത്തിൽ അതിന്റ അടിസ്ഥാനത്തിൽ കൊച്ചിയുമായി തിരുവിതാംകൂർ ഒരു സന്ധിയിൽ ഏർപ്പെട്ടു. കൊച്ചിരാജ്യത്തു നിന്നും സാമൂതിരിയെ തുരത്താനായി തിരുവിതാംകൂർ പട്ടാളത്തെ അയച്ചു കൊടുക്കണമെന്നും, പകരം കരപ്പുറത്തിന്റെമേലുള്ള സർവ്വ അവകാശങ്ങളും കൊച്ചീരാജാവ് വിട്ടുകൊടുക്കാമെന്നും, ആലങ്ങാടും പറവൂരും തിരുവിതാംകൂറിനു നൽകാമെന്നുമായിരുന്നു ആ ഉടമ്പടിയിൽ പ്രധാനമായി വ്യവസ്ഥചെയ്തിരുന്നത്. കൊച്ചിയുടെ വകയല്ലാത്ത ഏതെങ്കിലും സ്ഥലങ്ങൾ സാമൂതിരിയിൽ നിന്നും തിരുവിതാംകൂർ സൈന്യം കൈവശപ്പെടുത്തിയാൽ ആ വക സ്ഥലങ്ങൾ തിരുവിതാംകൂർ രാജ്യത്തോടു ചേർക്കുന്നതിനും കൊച്ചി സമ്മതിച്ചു.

സർവസൈന്യാധിപനായ ഡിലനായിയുടെയും അപ്പോൾ ദവളയായിരുന്ന അയ്യപ്പൻ മാർത്തണ്ഡപിള്ളയുടെയും നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ രാമവർമ്മരാജാവ് ഉടൻതന്നെ വടക്കോട്ട് അയച്ചു. പറവൂർ എത്തിയപ്പോൾ ഡിലനായിക്ക് ഒരു തന്ത്രംതോന്നി. സൈന്യത്തെ രണ്ടായി വിഭജിച്ച് തൃശൂർ നഗരത്തെ രണ്ടു ഭാഗത്തു നിന്നും ഒരേ സമയം ആക്രമിക്കുക എന്നതായിരുന്നു ആ ബുദ്ധി. അതിൽ ഒരു വിഭാഗം മാർത്തണ്ഡപിള്ളയുടെയും മറ്റേ വിഭാഗം ഡിലനായിയുടെയും നേതൃത്വത്തിലാണ് മുമ്പോട്ടു നീങ്ങിയത് ദവളയുടെ സൈന്യം നേരെ തൃശ്ശിവപേരൂർക്കു ചെന്നപ്പോൾ. ഡിലനായി നേരെ ചേറ്റുവാ പിടിച്ചിട്ട് വടക്കോട്ടു പോകാനാണ് പ്ലാനിട്ടത്. വാസ്തവത്തിൽ ഈ തന്ത്രത്തിൽ സാമൂതിരിസൈന്യം കുടുങ്ങിപ്പോടി. ചേറ്റുവാ, കൊടുങ്ങല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സാമൂതിരിയെ തോല്പിച്ച് വടക്കോട്ട് ഓടിച്ചതിനുശേഷം ഡിലനായി തൃശ്ശിവപേരൂർക്ക് തിരിച്ചു.

4. मलयालम के लिए विश्वविद्यालय

ദക്ഷിണേന്ത്യയിൽ കേരളത്തിലൊഴികെ മാതൃഭാഷയ്ക്കായി സർവകലാശാലകളുണ്ട്.

മലയാളത്തിനും ഒരു സർവകലാശാലയുണ്ടായാൽ നമ്മുടെ തനതുകലകളെയും കൃഷി ഉൾപ്പെടെയുള്ള സംസ്കാരത്തെയും നാട്ടറിവുകളെയും അത്രെത്രമാത്രം പരിപോഷിപ്പിക്കില്ല! അതുവഴിയാർജിക്കുന്ന വിജ്ഞാനത്തിലൂടെ കേരളം എത്രമാത്രം വികസിക്കില്ല! മലയാളത്തിന് സർവകലാശാലയുണ്ടായാൽ ഉണ്ണിയാടിചരിതവും ചന്ദ്രോൽസവവും മററും മാത്രമാവും പാഠ്യവിഷയങ്ങളെന്നു തെററിദ്ധരിക്കുന്നവർ 1981 ൽ സ്ഥാപിതമായ, 800 ഏക്കർ വിസ്തൃതിയുള്ള, തഞ്ചാവൂരിലെ തമിഴ് സർവകലാശാലയു ൂട പാഠ്യപദ്ധതികൾ ശ്രദ്ധിക്കുക: തമിഴ് ഭാഷയെയും സംസ്കാരത്തെയും പററിയുള്ള പഠനഗവേഷണങ്ങൾക്കായി നിരവധി വിഭാഗങ്ങളുണ്ടിവിടെ. ഭാഷാശാസ്ത്രം, നിഘണ്ടുനിർമാണം, താളിയോലകളുടെ പഠനം മാത്രമല്ല, നാടകം, സംഗീതം എന്നിവയും ഇവിടത്തെ പഠനവിഷയങ്ങളാണ്. തമിഴ് ഭാഷയി ലുള്ള കൃതികൾ അന്യഭാഷകളിലേക്കും തിരിച്ചും വിവർത്തനം ചെയ്യാനുള്ള പ്രവർത്തനങ്ങളും എല്ലാ വിഷയങ്ങളും (മെഡിസിൻ, എൻജിനിയറിങ് ഉൾപ്പെടെ) മാതൃഭാഷയിൽ പഠിപ്പിക്കുന്നതിനായുള്ള പാഠപുസ്തകങ്ങളുടെ രചനയും ഈ സർവകലാശാലയുടെ കീഴിൽ നടക്കുന്നുണ്ട്.

മലയാളത്തെ രക്ഷിക്കണമെന്നു പറയുന്നത് മലയാളിയെ രക്ഷിക്കണമെന്നു പറയുന്നതിനു സമമാണെന്ന തിരിച്ചറിവ് മലയാളിക്കില്ലാതെപോയതെന്തുകൊണ്ട്? മാതൃഭാഷാവഗണന മലയാളിയുടെ രക്തത്തിൽ അലിഞ്ഞുചേരാൻ കാരണമെന്താണ്? നരവംശശാസ്ത്രപരമായ പഠനം ആവശ്യപ്പെടുന്ന വിഷയങ്ങളാണിവയൊക്കെ. നമുക്ക് സ്വാതന്ത്ര്യബോധമുണ്ടായത് സായിപ്പന്മാരിൽനിന്നാണെന്ന് നമ്മുടെ ചില പണ്ഡിതന്മാരെങ്കിലും ധരിച്ചുവശായിരിക്കുന്നു. സ്വാതന്ത്ര്യബോധം നൈസർഗികവാസനയാണെന്നു ധരിക്കാൻപോലും കെൽപ്പില്ലാത്തവിധം അടിമമനോഭാവം ഇവരെയൊക്കെ ഭരിക്കുന്നു! കൂട്ടിലടയ്ക്കപ്പെട്ട തിര്യക്കുകൾ പോലും സ്വാതന്ത്ര്യം നേടാൻ വെമ്പൽ കൊള്ളുന്നത് ആരെങ്കിലും പഠിപ്പിച്ചിട്ടാണോ?



Scanned with CamScanner

## 5. സാംസ്കാരിക ലോകം തൃശൂർ പൂരം

### തൃശൂർ പൂരം

മനുഷ്യന്റെ സൗന്ദര്യബോധത്തിന്റെ ഉദാത്തമാ ആവിഷ്കാരമാണ് ക്ഷേത്രോത്സവങ്ങൾ മനുഷ നുണ്ടാവുന്ന പിരിമുറുക്കങ്ങൾ ക്കയവുനൽകാനു സ്വാർത്ഥതയല്ല സാമൂഹ്യബോധമാണ് മനഃസ്വാസ്ഥ്യ നൽകുകയെന്നോർമ്മപ്പെടുത്താനും നമ്മുടെ പൂർവ്വീകർ ആവിഷ്കരിച്ച് ചിട്ടപ്പെടുത്തിയ ഉത്സവങ്ങൾ സമൂഹത്തിന്റെ ഏകതാബോധം നിലനിർത്താനും സഹായിക്കുന്നു.

വടക്കേ മലബാറിലെ ഉത്സവങ്ങളിൽ തെയ്യത്തിനും നാടൻകലകൾക്കും നൽകുന്ന പ്രാധാന്യം മധ്യകേരളത്തിൽ പൊതുവെ ഇല്ല. ഇവിടെ ആനകളെ അണിനിരത്തികൊണ്ടുള്ള എഴുന്നള്ളിപ്പുകൾക്കും വാദ്യവിശേഷങ്ങൾക്കും വെടിക്കെട്ടിനുമാണ് പ്രാധാന്യം. സന്ധ്യാസമയത്ത് ക്ഷേത്രനടയിൽ ചില നാടൻ കലാരൂപങ്ങൾ അരങ്ങേറാറുണ്ട്. കുറെക്കൂടി തെക്കോട്ടേക്ക് നീങ്ങിയാൽ കലാപരിപാടികൾ കേമം; ഹരികഥ, കഥകളി, നാദസ്വരകച്ചേരി, സംഗീതകച്ചേരി, എന്നിവയ്ക്കിവിടങ്ങളിൽ പ്രാധാന്യമേറും. കുതിരവേല, കാളകളി, വള്ളംകളി എന്നിങ്ങനെ പലതും ഉത്സവത്തിന്റെ ഭാഗമായി ദേശഭേദമനുസരിച്ച് അരങ്ങേറാറുണ്ട്. ഒരു സമൂഹം മുഴുവൻ ഒന്നുചേർന്ന് ഒരേ തേവരുടെ മക്കൾ എന്നറിഞ്ഞ് ഇഷ്ടദേവന്റെ ഉത്സവം നടക്കുമ്പോൾ ഉണ്ടാകുന്ന ഏകതാബോധം സമുഹത്തിന്റെ നിലനിൽപ്പിനും നന്മയ്ക്കും വേണ്ടി നൽകുന്ന സംഭാവന വിലമതിക്കാനാവില്ല

പഴയ കൊച്ചി രാജ്യത്തെ ഏറെ പ്രാധാന്യമെറിയ ഉത്സവങ്ങളാണ് ആറാട്ടുപുഴപൂരവും തൃശൂർപൂരവും. ആദ്യത്തേതിന് പതിനാലുനൂറ്റാണ്ടിനപ്പുറം വർഷങ്ങളുടെ പാരമ്പര്യമുള്ളപ്പോൾ തൃശൂർപൂരത്തിന് രണ്ടുനൂറ്റാണ്ടിന്റെ പഴക്കമേയുള്ളു. രണ്ടും ക്ഷേത്രോത്സവങ്ങളാണെങ്കിലും തൃശൂർപൂരത്തിന് ക്ഷേത്രസംബന്ധമായ ചടങ്ങുകളേക്കാൾ പ്രാധാന്യം 30 മണിക്കൂർ നേരം 10 ദേവീദേവന്മാർ സ്വന്തം തട്ടകങ്ങൾവിട്ട് വടക്കുന്നാഥന്റെ അമ്പലപറമ്പിൽ അരങ്ങേറുന്ന ആഘോഷങ്ങൾക്കാണ്.

~~വടക്കുന്നാഥൻ ക്ഷേത്രവും ചുറ്റുമുള്ള~~ പുതിയ മൈതാനവും കേന്ദ്രീകരിച്ച് തൃശൂർനഗരം സംവിധാനം ചെയ്യാൻ തുനിഞ്ഞ ശക്തൻതമ്പുരാൻ, നാടിന്റെ ഖ്യാതിവളർത്താൻ സഹായകമാകുന്ന ഒരു വാർഷിക-സംസ്കാരികോത്സവും വേണമെന്ന് തീരുമാനിച്ചു.

## 6. ശാസ്ത്ര വിജ്ഞാനം

### ധൂമകേതു

അടുക്കും ചിട്ടയുമില്ലാതെ ആകാശത്ത് അലഞ്ഞുതിരിഞ്ഞ് നടക്കുന്നവരെന്ന് ഒരു കാലത്ത് പൗരാണികർ സങ്കല്പിച്ചുപോന്ന ബഹിരാകശ വസ്തുക്കളാണ് ധൂമകേതുക്കൾ അഥവാ വാൽനക്ഷത്രങ്ങൾ (comets). അവ പ്രത്യക്ഷപ്പെടുന്നത്, യുദ്ധങ്ങളോ, കലാപങ്ങളോ, പ്രകൃതി ക്ഷോഭങ്ങളോ ഭൂമിയിൽ ഉണ്ടാകാൻ പോകുന്നതിന്റെ മുന്നോടിയാണെന്നും ദുർനിമിത്തങ്ങളാണെന്നും വിശ്വസിച്ചുപോന്നു. ഈ അന്ധവിശ്വാസം അടുത്തകാലംവരെ നിലനിന്നു. 1738-ൽ വാൽനക്ഷത്തങ്ങളെക്കുറിച്ച് വോൾട്ടെയർ എഴുതിയ മനോഹരമായ കവിതാശകലത്തിൽ, അവ ആകാശത്ത് പ്രത്യക്ഷപ്പെടുന്നതും അപ്രത്യക്ഷമാകുന്നതും യാതൊരു ക്രമവുമില്ലാതെയാണെന്ന സങ്കല്പമുണ്ട്. ഒരു വാൽനക്ഷത്രംതന്നെയാണ് ഒന്നിലധികം പ്രാവശ്യം കൃത്യമായ ഇടവേളകളിൽ പ്രത്യക്ഷപ്പെടുന്നതെന്നോ അല്ലെങ്കിൽ ഒന്നിലധികം വാൽനക്ഷത്രങ്ങൾ പലപ്പോഴായി പ്രത്യക്ഷപ്പെട്ട് മറഞ്ഞു പോകുന്നു വെന്നോ അവ ഒരോന്നും പ്രത്യേകം സഞ്ചാരപഥത്തിലൂടെ സഞ്ചരിക്കുന്നുവെന്നോ ഉള്ള കാര്യങ്ങളിൽ പൗരാണികർക്ക് യാതൊരു രൂപവും ഉണ്ടായിരുന്നില്ല. ദുർനിമിത്തങ്ങളായി കാലാ കാലങ്ങളിൽ പ്രത്യക്ഷപ്പെടുന്നുവെന്നതിനപ്പുറം അവയുടെ സഞ്ചാരപഥങ്ങളെ കുറിച്ചോ രസ -ഭൗതികഗുണങ്ങളെക്കുറിച്ചോ രൂപങ്ങളെക്കുറിച്ചോ, എന്തിന് സൗരയൂഥത്തിന്റെ ഭാഗമാണെന്നതിനെ ക്കുറിച്ചുപോലുമോ അവർക്കൊന്നും അറിഞ്ഞു കൂടായിരുന്നു.

ഹാലെ വാൽനക്ഷത്രം (Halley's Comet) എന്ന് പിൽക്കാലത്ത് നാമകരണം ചെയ്യപ്പെട്ട - ദുർനിമത്തമെന്ന് പൗരാണികർ സങ്കല്പിച്ചുപോന്ന - ബഹിരാകശവസ്തുവിനെ 1066-ലാണ് ആദ്യം കണ്ടത്. ഒരു മലയോളം മാത്രം വലിപ്പം വരുന്ന ഇത്തരം ബഹിരാകാശസന്ദർശകരെ സംബന്ധിച്ചുള്ള പൗരാണികരുടെ കഥകളിൽ ആധുനിക ശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നില്ല



Scanned with CamScanner

7. पौराणिक प्रसंग

## കർണന്റെ അരങ്ങേറ്റം

ദ്രോണാചാര്യരുടെ കീഴിൽ പാണ്ഡവരും ധാർത്തരാഷ്ടരുമായ രാജകുമാരന്മാരുടെ ആയുധാഭ്യാസം കഴിഞ്ഞ്, അവരുടെ അരങ്ങേറ്റം നടത്തുകയാണ്. നഗരത്തിനുപുറമേ വിശാലമായ ഒരൊഴിഞ്ഞ സ്ഥലം നികത്തി വെടിപ്പാക്കി പൂജകഴിഞ്ഞു കാഴ്ചക്കാർക്കിരിക്കാനുള്ള ഇരിപ്പിടങ്ങൾ നിർമിക്കപ്പെട്ടു. ഭീഷ്മപിതാമഹനെ മുൻനിർത്തി ധൃതരാഷ്ട്രരും വിദുരർ മുതലായ കുരുവൃദ്ധന്മാരും, ഗാന്ധാരി, കുന്തി മുതലായ അന്തഃപുരസ്ത്രീകളും ജാനപദന്മാരുമെല്ലാം ഹൃഷ്ടരായി തക്ക സ്ഥാനങ്ങളിൽ വന്നിരുന്നു. കൊട്ടും മേളവും മുഴങ്ങി. അനന്തരം ദ്രോണാചാര്യർ പുത്രനോടുകൂടി വന്ന് രംഗപൂജ കഴിപ്പിച്ചു. ഭൃത്യന്മാർ ആയുധങ്ങൾ കൊണ്ടുവന്നു വെച്ചു. എന്നിട്ട് അദ്ദേഹം കളത്തിൽ ചെന്ന് മേളവാദ്യം തടഞ്ഞിട്ടു പറഞ്ഞു "എനിക്ക് എന്റെ പുത്രനേക്കാൾ പ്രിയതരനായ അർജുനനെ കണ്ടുകൊൾവിൻ."

കൈയുറയും പൊൻകവചവും നിറഞ്ഞ ആവനാഴിയും വില്ലും ധരിച്ച അർജുനൻ കളത്തിലിറങ്ങി. സദസ്സിൽ തിക്കു വർധിച്ചു. മേളവാദ്യം മുഴങ്ങി. 'ഇതാ കുന്തിപുത്രൻ ഇതാ പാണ്ഡവമധ്യമൻ' എന്നിങ്ങനെ ആളുകളുടെ ആർപ്പുവിളികൾ!

രംഗം ഒതുങ്ങിയപ്പോൾ അർജുനൻ തന്റെ വൈദഗ്ധ്യം കാണിക്കുകയായി: ആഗ്നേയാസ്ത്രംകൊണ്ടു തീയുണ്ടാക്കി, വാരുണം കൊണ്ടു വെള്ളമുണ്ടാക്കി, ഭൗമംകൊണ്ടു ഭൂമിയിലാണ്ടു, അന്തർധാനംകൊണ്ടു മറഞ്ഞു. ക്ഷണനേരംകൊണ്ട് കുറിയവനും നെടിയവനുമായി, വട്ടം ചുറ്റുന്ന ഒരു ലോഹ വരാഹത്തിന്റെ വായിൽ ഒപ്പം അഞ്ചമ്പ് എയ്തുതറച്ചു. കയറിൽ തൂങ്ങിയാടുന്ന ഒരു കാളകൊമ്പിന്മേൽ ഇരുപത്തൊന്നമ്പ് എയ്തേൽപ്പിച്ചു.

എല്ലാം കഴിഞ്ഞകൂട്ടത്തിലായി. സദസ്സു മന്ദീഭവിച്ചു. വാദ്യം ചുരുങ്ങി. പെട്ടന്ന് പ്രവേശനദ്വാരത്തിൽനിന്ന് ഇടിവെട്ടപോലെ ഊക്കു കാണിക്കുന്ന ഒരു കൈകൊട്ടു കേൾക്കായി. ആൾക്കൂട്ടത്തിന്റെ നടുവിലൂടെ, സഹജങ്ങളായ കവചകുണ്ഡലങ്ങളാൽ ഉജ്ജ്വലനായി വില്ലും വാളും ധരിച്ച കർണൻ അന്തസ്സിൽ നടന്നുവരുന്നു — അയാളും കുന്തി കന്യകയായിരിക്കുമ്പോഴുണ്ടായ പുത്രനാണ്. അയാൾ രംഗത്തെ മുഴുവൻ നോക്കി. ദ്രോണകൃപന്മാരെ ഏറെ വഴങ്ങാതെ വണങ്ങി.

8. अंतर्देशीय माप-तौल नियम

**അന്തർദേശീയ അളവു-തൂക്ക സംഘടന:**

നമ്മുടെ രാജ്യത്ത്, അതായത് ഇന്ത്യയിൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം നാം അളവു-തൂക്കങ്ങളിൽ മെട്രിക് സമ്പ്രദായം സ്വീകരിച്ചുനടപ്പിലാക്കിയിരിക്കുകയാണ്. അങ്ങനെ മെട്രിക് സമ്പ്രദായം നടപ്പിലാക്കിയിട്ടുള്ള രാജ്യങ്ങൾ എല്ലാംകൂടി ഒരു അന്തർദേശീയ അളവു-തൂക്ക സംഘടന (International Organisation of Legal Metrology) സ്ഥാപിച്ചു പ്രവർത്തിക്കുന്നു. ഇതിലേക്കു പിൻതുടരേണ്ട നയങ്ങളും പരിപാടികളും ചർച്ച ചെയ്തു തീരുമാനിക്കാൻ കാലാകാലങ്ങളിൽ അന്താരാഷ്ട്ര സമ്മേളനങ്ങളും വിളിച്ചുകൂട്ടാറുണ്ട്. ഇന്ത്യ ഈ സംഘടനയിലെ അംഗമാണ്. കാലാകാലങ്ങളിൽ തീരുമാനിക്കപ്പെടുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുമുണ്ട്.

**ഇപ്പോൾ നിലവിലുള്ള നിയമം:**

നമ്മുടെ സംസ്ഥാനത്ത് അളവു-തൂക്കങ്ങളെ സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ളത് 1956ൽ ഇന്ത്യൻ പാർലമെന്റു പാസാക്കിയ അളവുകളും നിയമത്തെ ആസ്പദമാക്കി 1958ലെ അളവുകളും തൂക്കങ്ങളും നടപ്പാക്കൽ നിയമത്തെ സമഗ്രമായി ഭേദഗതി ചെയ്ത 1964 ലെ നിയമവുമാണ് – Kerala Weights and Measures (Enforcement) Rules, 1964.

**ചട്ടം നടപ്പാക്കാനുള്ള ഉദ്യോഗസ്ഥന്മാർ – അവരുടെ ചുമതലകളും അധികാരവും:**

ഈ നിയമം കാര്യക്ഷമമായി സംസ്ഥാനത്തിൽ നടപ്പാക്കുന്നതിനുള്ള ചുമതല അളവു തൂക്ക വകുപ്പിന്റെ കൺട്രോളർക്കാണ്. ഈ വകുപ്പ് റവന്യൂവകുപ്പിന്റെ താഴെയാണ് പ്രവർത്തിക്കുന്നത്.

കൺട്രോളറെ അദ്ദേഹത്തിന്റെ ചുമതലകൾ നടപ്പാക്കാൻ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ അസിസ്റ്റന്റു കൺട്രോളർമാരും അവരുടെ താഴെ താലൂക്കുതലത്തിൽ ഇൻസ്പെക്ടർമാരുമുണ്ട്. താലൂക്കുതലത്തിൽ പ്രവർത്തിക്കുന്ന ഇൻസ്പെക്ടർമാർ സയൻസിലോ എൻജിനീയറിംഗിലോ ബിരുദമെടുത്തവരായിരിക്കണം.

വ്യാപാരത്തിനുപയോഗിക്കുന്ന അളവു-തൂക്ക ഉപകരണങ്ങൾ കൃത്യസമയത്ത് മുദ്രണം നടത്തിക്കൊടുക്കുക, ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കുക, വ്യാപാരസ്ഥലങ്ങൾ സന്ദർശിച്ച് അവിടെ ഉപയോഗിക്കുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത പരിശോധിക്കുക, ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, നിർദ്ദിഷ്ട കാലയവധിയിൽ പുനർമുദ്രണം നട



Scanned with CamScanner

9. प्रशासन

നമ്പർ .....

ഭാരതസർക്കാർ ധനകാര്യമന്ത്രാലയം

(റവന്യൂ വിഭാഗം)

ന്യൂ ഡൽഹി

തീയതി.........

**പ്രമേയം**

റവന്യൂ വസൂലിക്കുന്നത് സംബന്ധിച്ച വിഭാഗങ്ങളുടെ കാര്യക്ഷമത വർധിപ്പിക്കുവാനുള്ള കാര്യം കുറെക്കാലമായി ഭാരതസർക്കാരിന്റെ ശ്രദ്ധയിൽ ഇരുന്നു വരുന്നു. ഭാരതസർക്കാർ ഈ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും ആലോചിച്ച തീരുമാനമെടുക്കാൻ ഒരു സമതി രൂപികരിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ ഗവണ്മെന്റ് പ്രതിനിതികളെക്കൂടാതെ പ്രധാനപ്പെട്ട ജനസേവന സംഘടനകളുടെ വ്യക്തികളെയും നോമിനേറ്റ് ചെയ്യപ്പെടുന്നതാണ്.

2. ഈ സമതിയുടെ അദ്ധ്യക്ഷൻ ശ്രീ .......... ആയിരിക്കും

ഇതു കൂടാതെ ഈ സമിതിയിൽ താഴെപ്പറയുന്ന മെമ്പർമാർ ഉണ്ടായിരിക്കും

(1)

(2)

(3)

(4)

3. ഈ സമിതദി തഴെപ്പറയുന്ന കാര്യങ്ങളിലും അഥവാ സമിതി ആവശ്യമെന്ന് കരുതുന്ന വിഷയങ്ങളിലും ശുപാർശകൾ നൽകുന്നതായിരിക്കാം:

(1)

(2)

(3)

4. സമിതി ഈ വരുന്ന 5 ഒക്ടോബർ 2009 മുതൽ പ്രവർത്തനം ആരംഭിക്കുന്നതായിരിക്കും. സമിതിയുടെ കാലാവധി ആറു മാസമായിരിക്കും

(ഏ. സി. സി)

സെക്രട്ടറി

ഭാരതസർക്കാർ

ഉത്തരവ്

(1) ഈ പ്രമേയത്തിന്റെ പ്രതിലിപി, സമിതിയുടെ അദ്ധ്യക്ഷനും മെമ്പർമാർക്കും അയക്കേണ്ടതാണ്.

10 उत्तर आधुनिकता

ആധുനികോത്തരതയാകട്ടെ ഹ്യൂമനിസം, സാർവദേശീയത, കമ്മ്യൂണിസം, സോഷ്യലിസം, മതനിരപേക്ഷത തുടങ്ങിയ ബൃഹദാഖ്യാനങ്ങളെ ശിഥിലീകരിച്ചതായി അതിന്റെ വക്താക്കൾ അവകാശപ്പെടുന്നുണ്ട്. അത് ഏറെക്കുറെ ശരിയാണുതാനും. മുമ്പ് ആണും പെണ്ണും ദളിതനും സവർണ്ണനും ഹിന്ദുവും മുസ്ലീമുമൊക്കെ ചേർന്ന് നിർമ്മിച്ചതാണ് സാഹിത്യവും സംസ്കാരവും. എന്നാൽ ഇന്ന് ദളിത്സാഹിത്യം, ദളിത് സംസ്കാരം, മുസ്ലീം സംസ്കൃതി, മാപ്പിളസാഹിത്യം, മുസ്ലീം ബുദ്ധിജീവികൾ, ഹിന്ദുസംസ്കാരം, ക്രിസ്ത്യൻ സംസ്കാരം, ക്രിസ്തീയ സാഹിത്യം എന്നിങ്ങനെ പലരീതിയിലെ ശകലിതാഖ്യാനങ്ങൾ വരുന്നു. ബഹുസ്വരതയുടെയും ശകലിതാഖ്യാനങ്ങളുടെയും ലോകമെന്നത് അങ്ങേയറ്റം യാഥാസ്ഥിതികമാണ്. ഒന്നിച്ചുനിന്ന് പോരാടുക എന്ന ബൃഹദാഖ്യാന പദ്ധതി മുതലാളിത്തത്തെ ഭയപ്പെടുത്തുന്നു. അതുകൊണ്ട് സാംസ്കാരികമായി ഭിന്നിച്ചുപോരാടുന്ന ലോകാവസ്ഥ സാമ്രാജ്യത്വത്തിന്റെ കടന്നുകയറ്റത്തിന് വാതിലുകൾ തുറന്നിടുകയാണ് ചെയ്യുന്നത്. മതനിരപേക്ഷശക്തികൾ പരസ്പരം പോരാടി മതശക്തികൾക്ക് ഇടംനൽകുന്നു. സാമ്രാജ്യത്വത്തിന്റെ നഗ്നമായ അധിനിവേശംകൊണ്ടു രക്ഷപ്പെടാൻ കഴിയുകയില്ല. അതിന് പ്രത്യയശാസ്ത്രപരമായ സാധൂകരണം വേണം. അതുകൊണ്ടു സംസ്കാരവും പ്രത്യയശാസ്ത്രവും സാമ്രാജ്യത്വത്തിനും മറ്റു അധികാരവ്യവസ്ഥകൾക്കും ആവശ്യമാണ്. പ്രത്യയശാസ്ത്രംകൊണ്ടു ബൗദ്ധികമായ സ്വീകാര്യതയും സംസ്കാരം കൊണ്ടു വൈകാരികമായ സ്വീകാര്യതയും നിർമിച്ചെടുക്കുകയാണ് അധിനിവേശശക്തികൾ ചെയ്യുന്നത്. അതുകൊണ്ടു സാംസ്കാരിക പ്രവർത്തനമെന്നത് പുതിയകാലഘട്ടത്തിലെ വർഗ്ഗസമരം കൂടിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ■



Scanned with CamScanner

## 11. पत्रकारिता

പത്രാധിപർ തുടങ്ങി വൃത്താന്തലേഖകൻ വരെയുള്ള പല ഇനം പത്രക്കാരൊക്കെയും ഒരേ പ്രകാരത്തിൽ അനുഷ്ഠിക്കേണ്ട ചില സദാചാരതത്ത്വങ്ങളുണ്ട്. ഇവയുൽ ഒന്ന് അന്യന്മാരോട് ന്യായബുദ്ധിയായിരിക്കണമെന്നുള്ളതാകുന്നു. ഒരു ലേഖനത്തിൽ ആരെപ്പറ്റി പറയുന്നുവോ ആ ആളെ നിഷ്കാരണമായി വേദനപ്പെടുത്താൻ യത്നിക്കരുത്. ആ ആൾ ദുഷ്ടതപ്രവർത്തിച്ചിരുന്നാൽ അതു പറയാം വിരോധമില്ല. അയാൾ ദുഷ്ടത പ്രവർത്തിച്ചിട്ടില്ലെന്നിരുന്നാൽ അയാളുടെ മേൽ വൃഥാ ദോഷാരോപം ചെയ്യരുത്. വിശേഷിച്ചും കക്ഷിവഴക്കുള്ള സന്ദർഭങ്ങളിൽ ഒരുവനെ അന്യായമായി നിന്ദിക്കുകയോ മറ്റൊരുവനെ അനർഹമായി സ്തുതിക്കുകയോ ചെയ്യുന്നത് സത്യത്തിനും നീതിക്കും വിപരീതമാണ്. ചിലപ്പോൾ പത്രക്കാർ ശത്രുക്കളുടെ ദ്വേഷത്തിൽ കുടുങ്ങാനിടയാകും. എന്നാൽ താൻ പറയുന്നത് സത്യത്തിന് അനുസരണമായിരുന്നാൽ അതുനിമിത്തം ഉണ്ടാകുന്ന ശത്രുക്കളെ ഗണ്യമാക്കേണ്ടതില്ല. സദാചാരകാര്യമായ മറ്റൊന്ന് എപ്പോഴും ബുദ്ധിസ്ഥൈര്യത്തോടു കൂടിയിരിക്കുകയാകുന്നു. ഇതിന്റെ അർഥം, ബുദ്ധിക്ക് വിപ്ലവം ഉണ്ടാകുന്നതായ യാതൊന്നും സേവിക്കരുതെന്നാണ്. പത്രക്കാരന്റെ പണി വളരെ ക്ലേശമാണെന്നിരിക്കയാൽ ക്ലേശങ്ങൾ അറിയാതെയിരിക്കുന്നതിന് വേണ്ടി ലഹരി പേയങ്ങൾ സേവിക്കുന്നത് നല്ലതാണെന്ന് ചിലർ കരുതാറുണ്ട്. മദ്യസേവകൊണ്ട് ബുദ്ധിക്ക് ക്ഷയം തട്ടുന്നതും ഗുണാഗുണ നിർണയംചെയ്യാൻ സാധ്യമല്ലാതെയാകുന്നതുമാണ്. പത്രക്കാരൻ ഏകാഗ്രചിത്തനായിരുന്നു തന്റെ പ്രവൃത്തിയെ ഒരു ന്യായാധിപനൊപ്പം നടത്തേണ്ടവനാകയാൽ, ന്യായാന്യായ വിചാരണ ശക്തിയെശിഥിലമാക്കുന്ന ദുശ്ശീലങ്ങൾക്കു വഴിപ്പെട്ടുകൂടാത്തതാകുന്നു. ഇവയ്ക്കെല്ലാറ്റിനും മീതെനിൽക്കുന്ന ഒരു സദാചാരകാര്യമാണ് കൈക്കൂലിയെ സംബന്ധിച്ചുള്ളത്. തന്റെ ദൂഷ്യങ്ങളെ മറയ്ക്കുവാനോ, എതിരാളിയെ മറിക്കുനാനോ തനിക്കില്ലാത്തതായ ഗുണങ്ങളെ ഉള്ളതാക്കി സ്തുതിപ്പാനോ അന്യന്റെ മേൽ ദോഷം ആരോപിക്കാനോ, പത്രക്കാരന് കൈക്കൂലി കൊടുത്താൽ സാധ്യമാകും എന്നു വിചാരിക്കുന്നവർ ഉണ്ട്. ഇങ്ങനെ വിചാരിക്കുവാൻ പത്രക്കാർ സംഗതിയുണ്ടാക്കാറുണ്ട്.

## 12. सूचना का अधिकार

### വിവരാവകാശ നിയമം-2005

ജനങ്ങൾക്കു പരമാധികാരം ഉള്ള ജനാധിപത്യ സമ്പ്രദായത്തിൽ, സർക്കാരും സർക്കാരാഫീസുകളും മറ്റു പൊതുസ്ഥാപനങ്ങളും ജനങ്ങളുടെ നികുതിപ്പണം കൊണ്ടാണ് പ്രവർത്തിക്കുന്നത് എന്നുള്ളതുകൊണ്ട് അവിടെ ഉണ്ടാകുന്ന എല്ലാ വിവരങ്ങളും ജനങ്ങൾക്കറിയാനുള്ള അവകാശമുണ്ട് എന്ന കാഴ്ചപ്പാടാണ് ഈ നിയമത്തിനു പിറകിലുള്ളത്. ലോകത്തിലുള്ള അമ്പത്തിയഞ്ചിൽപരം രാജ്യങ്ങളിൽ ഇതിനകം തന്നെ പ്രാവർത്തികമാക്കിയ സമാനനിയമങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യയ്ക്കകത്തും സാമൂഹ്യപ്രസ്ഥാനങ്ങളും മനുഷ്യാവകാശ സംഘടനകളും ഒക്കെ നടത്തിയ സാമൂഹ്യസമ്മർദ്ദത്തിന്റെ ഫലമായാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്. ഇതിന്റെ ആദ്യപടിയായി 2002 ൽ നിർമിച്ച നിയമം 'വിവര സ്വാതന്ത്ര്യനിയമം' ആയിരുന്നു. വിവരം ജനങ്ങളുടെ അവകാശമാണെന്ന് അംഗീകരിക്കാനുള്ള ഭരണാധികാരികളുടെ വിമുഖതയായിരുന്നു അവിടെ ദർശിച്ചത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ഭരണരംഗത്ത് വർദ്ധിച്ചുവന്ന അഴിമതിയും കൈക്കൂലിയും സ്വജനപക്ഷപാതവും ചുവപ്പുനാട സമ്പ്രദായവും എല്ലാം ദരിദ്രനാരായണന്മാർക്ക് നീതി നിഷേധിക്കുന്നതിനിടയാക്കി. ധനവും സാമൂഹ്യപദവിയും ഉള്ളവനുമാത്രം നീതി എന്ന നിലയിലേക്കു മാറി. ഇതിനെല്ലാം സഹായകരമായത് ഭരണരംഗത്തിലെ നിഗൂഢതയാണെന്നു മനസ്സിലാക്കിക്കൊണ്ടാണ് ഭരണം സുതാര്യമാക്കുന്നതിന് ഇത്തരം ഒരു നിയമം അത്യാവശ്യമാണെന്ന് വാദം ഉന്നയിച്ചുകൊണ്ട് വിവിധ സംഘടനകൾ മുന്നോട്ടു വന്നത്. അങ്ങനെ 2005 ഒക്ടോബർ 12-ാം തീയതി ജമ്മുകാശ്മീർ ഒഴികെ ഇന്ത്യയിൽ എല്ലായിടത്തും നിയമം പ്രാബല്യത്തിൽ വന്നു.

13. प्रेरक प्रसंग

മാതൃഭാഷ തമിഴായിരുന്നെങ്കിലും ഞാൻ പഠിച്ചത് മലയാളമായിരുന്നു. അന്ന് കന്യാകുമാരി ജില്ല കേരളത്തിലായിരുന്നുവല്ലോ. ഞാൻ മെനക്കെട്ടിരുന്ന് എഴുതി. പലതും ചവറ്. ചിലത് അക്കാലത്ത് ലളിതാംബിക അന്തർജ്ജനത്തിന്റെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയിരുന്ന 'വിദ്യ' എന്ന പ്രസിദ്ധീകരണത്തിൽവന്നു. ആദ്യം പ്രസിദ്ധീകരിച്ചത്. 'ഉമ്മ' എന്ന കഥയാണ് ഒരു ഉമ്മയും മകനും ചന്ദനക്കുടത്തിന് പോകുന്നതും അവരുടെ കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതവുമാണ് അതിൽ ചിത്രീകരിച്ചിരുന്നത്. എന്തുകൊണ്ടോ ഞാനിതേവരെ പ്രണയകഥകൾ എഴുതിയിട്ടില്ല. എഴുതാൻ ശ്രമിച്ചിട്ടുമില്ല.

വാസ്തവത്തിൽ എന്റെ ആദ്യകൃതി മലയാളത്തിലായിരുന്നു. 'മെഹ്ജബീൻ' (പൂർണ്ണചന്ദ്രൻ) എന്ന നോവൽ. 1973-ൽ തൃശൂരിലെ ആമിനാ ബുക്സ്റ്റാൾ അതു പ്രസിദ്ധീകരിച്ചു. അതിനെപ്പറ്റി പിന്നെ ഞാനന്വേഷിച്ചിട്ടില്ല. ഞാൻ തമിഴ്പഠിച്ചത് സിനിമാപോസ്റ്ററുകൾ നോക്കിയായിരുന്നു. തമിഴ്സാഹിത്യം വായിക്കാൻ തുടങ്ങിയിട്ട് ഏകദേശം പത്തുകൊല്ലമേ ആയിട്ടുള്ളു.

മതത്തിന്റെ മറപിടിച്ചുള്ള എല്ലാ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഞാനെതിരാണ്. ഔലിയാക്കന്മാരുടെയും ലബ്ബമാരുടെയും ദുഷ്ചെയ്തികൾ എനിക്ക് സഹിക്കാനാവില്ല. ഒരു പുരോഹിതനോടോ മുതലാളിയോടോ അല്ല, എന്റെ എതിർപ്പ്. മുതലാളിത്തത്തോടും പൗരോഹിത്യത്തോടുമാണ്. മുതലാളിയുടെ ചെരുപ്പിനെയും തലപ്പാവിനെയും ബഹുമാനിക്കാൻ നിർബന്ധിതരായ പൂർവ്വികരാണ് ഞങ്ങളുടേതെന്ന് ലോകത്തെ അറിയിക്കാനാണ് ഞാൻ ശ്രമിച്ചത്. അനേകം സ്ത്രീകളുടെ ചാരിത്ര്യം കവർന്ന തങ്ങൾമാരെ ജനം തിരിച്ചറിയേണ്ടേ? ആ നോവൽ ധാരാളം എതിർപ്പുകൾ ക്ഷണിച്ചുവരുത്തി. എന്നാൽ ഞാൻ അതിലുന്നയിച്ച കാര്യങ്ങൾ ഇന്നേവരെ ആരും നിഷേധിച്ചിട്ടില്ല. അത് സത്യമാണ്! മുസ്ലിം സമുദായത്തെ എതിർത്തുകൊണ്ടാണ്, എനിക്ക് സാഹിത്യത്തിൽ അംഗീകാരം ലഭിച്ചത് എന്നാണെനിക്കെതിരെയുള്ള പ്രധാന ആരോപണം. അത് ശരിയല്ല. പ്രകാശത്തിനുള്ളിലെ ഇരുട്ടിനെയാണ് ഞാൻ ചൂണ്ടികാട്ടിയത്. കലയുടെ ധർമ്മമാണത്.

പഴമയും പുതുമയും ഞാൻ കണ്ടു- അഞ്ചലോട്ടവും ഇന്റർനെറ്റും; കാളവണ്ടിയും ജെറ്റുവിമാനവും. ഭൂതത്തിന്റെയും ഭാവിയുടെയും ഇടയിലെ ഒരു കണ്ണിയാണ് ഞാൻ. ഞാൻ വർത്തമാനത്തിൽനിന്നുകൊണ്ട് ഭൂതകാലത്തെ ആവിഷ്കരിക്കുന്നു. ഭാവിയിലേയ്ക്ക് പ്രതീക്ഷയോടെ ഉറ്റുനോക്കുന്നു

**തോപ്പിൽ** മുഹമ്മദ്മീരാൻ.

14. वर्षा वर्णन

## ആഗുംബെയിലെ മഴ

ആഗുംബെ വിളിക്കുന്നതുപോലെ തോന്നും. ആഗുംബെ മാത്രമല്ല അന്നാട്ടിലെ മഴ, കാട്, മലനിരകൾ, പുൽമേടുകൾ ഒക്കെയും, മഴ വിളിച്ചത് സ്നേഹപൂർവമാണ്, 'വരു ആഗുംബെയുടെ മഴയത്തിറങ്ങു!'

ഭാരമില്ലാത്തതാണ് ആഗുംബെയിലെ മഴ. ശബ്ദമുണ്ടാക്കാതെയാണ് ചില നേരത്തെ വരവ്. ചിലപ്പോൾ കുട്ടികളെപ്പോലെ കിലുക്കാം പെട്ടിയാകും. മറ്റു ചിലനേരങ്ങളിൽ മലനിരകളുടെ പടവുകളിറങ്ങി അതേ വേഗത്തിൽ തിരിഞ്ഞോടുന്ന കൗമാരക്കാരി. അല്ലെങ്കിൽ സ്വപ്നത്തിലെ തൂമഴ.

തുള്ളികൾക്ക് കനമില്ല. പക്ഷേ, ഇടതൂർന്നതാണ്. ആഗുംബെയിലെ മഴയുടെ ആദ്യസ്പർശം ഇങ്ങനെയൊക്കെയാകാം.

നെറ്റിയിൽ ഒരേസമയം നാലഞ്ചുതുള്ളികൾ. മൂക്കിൽ ഒരുതുള്ളി വീണു ചിതറും. ഏതാനും തുള്ളികൾ കവിളിൽ തൊട്ടുരുമ്മും മെല്ലെ നാമറിയാതെ മഴ നമ്മെ പൊതിയും. കുട ചൂടാതെ നടക്കാം പക്ഷെ വെള്ളം തട്ടിതെറിപ്പിക്കാനാവില്ല. കാരണം, ആഗുംബെയിൽ വെള്ളക്കെട്ടുകളില്ല. അഴുക്കും മാലിന്യങ്ങളുമില്ല. അതുകൊണ്ടാകാം അന്യനാട്ടുകാർ ഇവിടെ മഴ കൊള്ളാൻ എത്തുന്നത്. പനിപിടിച്ചെന്ന ആവലാതികളും ആഗുംബെയിൽ കേട്ടിട്ടില്ല. മൺസൂൺ മറഞ്ഞാലും ആഗുംബെയെ മഴ വിട്ടൊഴിയാറില്ല. പന്ത്രണ്ടുമാസവും മഴ. സഹ്യന്റെ തോളിലാണ് ഇരിപ്പ് എന്നതുതന്നെ കാരണം.

കർണ്ണാടകയിലെ ഷിമോഗ ജില്ലയിലാണ് ഒത്തിരി പ്രത്യേകതയുള്ള ഈ കൊച്ചുസ്ഥലം. ആർ. കെ. നാരായണന്റെ മാൽഗുഡിഡെയ്സ് സീരിയൽ ഷൂട്ടിംഗ് ചെയ്തത് ഇവിടെയായിരുന്നു.

*(ടി. ആർ. രമ്യ)*

നന്ദി, മാതൃഭൂമി 12 ജൂലായ് 2009



Scanned with CamScanner

15- मौसम

## ഞാറ്റുവേല

പണ്ടുപണ്ടാണ് സാമൂതിരിയുടെ കാലത്ത് വാസ്കോഡഗാമയുടെ നേതൃത്വത്തിൽ പറങ്കികൾ കുരുമുളക് തൈകൾ പോർച്ചുഗീസിലേക്കു കൊണ്ടുപോകുവാൻ അനുവാദംചോദിച്ചു. സാമൂതിരി ഒരു വിഷമവും കൂടാതെ അനുവദിക്കുകയും ചോദിച്ചതിൽ കൂടുതൽ കൊടുക്കുകയും ചെയ്തു.

ഇതുകണ്ട് ഭയന്ന് മങ്ങാട്ടച്ചൻ പറങ്കികൾ കുരുമുളകു ചെടികൊണ്ടു പോയാലുള്ള ദോഷത്തെക്കുറിച്ച് സാമൂതിരിയോട് സൂചിപ്പിച്ചു. അപ്പോൾ സാമൂതിരി പറഞ്ഞത് എന്താണെന്നോ?

"അവർക്ക് കുരുമുളക് തൈകളല്ലേ കൊണ്ടു പോകാനാവൂ. നമ്മുടെ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാനാവില്ലല്ലോ!" എന്ന്!

ഇതു കേട്ടപ്പോൾ മങ്ങാട്ടച്ചന് ആശ്വാസമായി. കാരണം കേരളത്തിന്റെ മാത്രം പ്രത്യേകതയാണ് തിരുവാതിര ഞാറ്റുവേല. ഇടമുറിയാതെ പെയ്യുന്ന മഴ. ഇങ്ങനെ തിരിമുറിയാതെ പെയ്യുന്ന മഴയുടെ വെള്ളം കുരുമുളകു കതിരിലൂടെ ഒലിച്ചിറങ്ങും. ഇങ്ങനെ കതിരിൽ പരാഗണം നടന്നാണ് കുരുമുളക് ധാരാളം ഉണ്ടാവുന്നത്. തിരുവാതിര ഞാറ്റുവേല കൃത്യമായി വന്നാൽ ആ കൊല്ലം ധാരാളം കുരുമുളക് ഉണ്ടാവും.

ഞാറ്റുവേല എന്നാൽ ഞായറിന്റെവേല. അതായത് സൂര്യന്റെ വേല (സൂര്യന്റെ സഞ്ചാരം). ഇനി സൂര്യൻ ഏതിലെയാണ് സഞ്ചരിക്കുന്നതെന്ന് പരിശോധിക്കാം. അതിനു വേണ്ടി നമുക്കല്പം മാനത്തെ കാര്യം പറയാം.

ഭൂമിയിൽനിന്നു നോക്കുന്ന നമുക്ക് ആകാശത്ത് സൂര്യനും ചന്ദ്രനും ഒരു പ്രത്യേക പാതയിൽ സഞ്ചരിക്കുന്നതായി തോന്നും. ഈ പാതയാണ് ക്രാന്തിവൃത്തം അഥവാ എക്ലിപ്റ്റിക്. കാലഗണനയ്ക്കായി പണ്ടുള്ളവർ ഈ വൃത്തത്തെ 12 ഭാഗങ്ങളാക്കി. ഒരു വൃത്തം 360 ഡിഗ്രി ആണെന്നിരിക്കെ അതിന്റെ പന്ത്രണ്ടിലൊരുഭാഗം 30 ഡിഗ്രി ആണല്ലോ. ഇത്രയും ഭാഗത്തുകൂടി സൂര്യന് സഞ്ചരിക്കാൻ ആവശ്യമായിതോന്നുന്ന സമയമാണ് ഒരു മാസം. ആ ഭാഗത്തെ നക്ഷത്രങ്ങളെ കൂട്ടി വരച്ച് കിട്ടുന്നരൂപമാണ് പ്രസ്തുത മാസത്തിന്റെ പേരിന്നാധാരം. അങ്ങനെ സിംഹത്തിന്റെ ആകൃതിയുള്ള ഗണത്തിനെ ചിങ്ങം എന്നും കന്യകയുടെ ആകൃതിയിലുള്ളതിനെ കന്നി എന്നും വിളിച്ചുപോന്നു. ഇങ്ങനെ 12രാശികളും ഉൾപ്പെടുമ്പോൾ അത് രാശിചക്രമായി (Zodiac).

16. ऑनलाइन डायरी - कथा

### ഓൺലൈൻ ഡയറി

കൂട്ടുകാർ ഡയറിക്കുറിപ്പുകളെഴുതാറില്ലേ. മിക്കവാറും വ്യക്തിപരമായ കാര്യങ്ങളാവും ഇത്തരം കുറിപ്പുകളുടെ ഉള്ളടക്കം. ഇതുപോലത്തെ വ്യക്തിഗത കുറിപ്പുകളാണ് ഓൺലൈൻ ഡയറിയിലും ഉണ്ടാവുക. ചിലവിത്യാസങ്ങൾ മാത്രം ഇതെഴുതുന്നത് കടലാസിലല്ല, കമ്പ്യൂട്ടറിലാണ്. ഡയറിയെഴുതി അലമാരിയിലോ ബാഗിനുള്ളിലോ സ്വകാര്യമായി കൊണ്ടുനടക്കുമ്പോൾ ഓൺലൈൻ ഡയറികൾ വേൾഡ് വൈഡ് വെബ്ബിലെ (www) എതെങ്കിലും പേഴ്സണൽ വെബ്സൈറ്റിൽ വായിക്കാം. ഓൺലൈൻ ജേണൽ എന്നും ഈ ഡയറികൾക്ക് പേരുണ്ട്.

1994 ലാണ് ഓൺലൈൻ ഡയറിയെഴുത്ത് എന്ന സമ്പ്രദായം തുടങ്ങിയത്. ഐടി കമ്പനിയായ ഐബിഎമ്മിന്റെ ഗവേഷണവിഭാത്തിലെ ശാസ്ത്രജ്ഞൻക്ലോഡിയോ പിൻഹാനെസിനെയാണ് ഓൺലൈൻ ഡയറിയെഴുത്തിന്റെ തുടക്കക്കാരനായി കണക്കാക്കുന്നത്. 'ഓപ്പൺ ഡയറി' എന്നാണ് അദ്ദേഹത്തിന്റെ ഡയറിയുടെ പേര് www. geocities.com /pinhanez/open_diary.htm എന്ന വെബ്സൈറ്റിൽ കയറിയാൽ ഈ ഡയറി വായിക്കാം.

### ബ്ലോഗ്

ഓൺലൈൻ ഡയറിയുടെ പരിഷ്കരിച്ച രൂപമാണ് ബ്ലോഗ്. വെബ്ലോഗ് (വെബ്ലോഗ്) എന്നതിന്റെ ചുരുക്കപ്പേരാണ് ബ്ലോഗ് എന്ന് പലർക്കും അറിയാമായിരിക്കും.

ബ്ലോഗിലെ ഉള്ളടക്കം ഇന്നതായിരിക്കണമെന്ന് വ്യവസ്ഥയൊന്നുമില്ല. വാർത്തകൾ, രാഷ്ട്രീയം, ശാസ്ത്രം, സാഹിത്യം എന്നിങ്ങനെ ഏതു വിഷയത്തെക്കുറിച്ചും എത്ര വേണമെങ്കിലും ബ്ലോഗിയിലെഴുതാം.

നമ്മൾ എഴുതുന്നത് പ്രസിദ്ധീകരിക്കാൻ പ്രസാധകനെ തേടിനടക്കേണ്ട, വയനക്കാരന് നമ്മുടെ എഴുത്തിനെ പറ്റിയുള്ള അഭിപ്രായം അപ്പപ്പോൾ ബ്ലോഗിലെ നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്താം എന്നിവയൊക്കെയാണ് പുസ്തകങ്ങളിൽ നിന്ന് ബ്ലോഗിനെവ്യത്യസ്തമാക്കുന്നത്. www.blogger.com എന്ന വെബ്സൈറ്റിൽ ചെന്നാൽനിങ്ങൾക്കും സൗജന്യമായി സ്വന്തം ബ്ലോഗുണ്ടാക്കാം.



Scanned with CamScanner

17. सिंधु घाटी

## സൈന്ധവ സംസ്കാരം

ഏതാണ്ട് 63 വർഷം മുമ്പ് ഹാരപ്പ -മോഹഞ്ചദാരോ പ്രദേശങ്ങളിൽ നടന്ന ഗവേഷണത്തിന്റെയും ഉദ്ഖനനത്തിന്റെയും ഫലമായി മൺമറഞ്ഞുപോയ ഒരു മഹാ നാഗരികതയുടെ അവശിഷ്ടങ്ങൾ കണ്ടെത്തി. ക്രീറ്റ്, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽ കണ്ടെത്തിയിട്ടുള്ള പുരാതന സംസ്കാരങ്ങളെ അപേക്ഷിച്ച് ജീവിതത്തിന്റെ എല്ലാ തുറകളിലും ഉന്നത നിലവാരം പുലർത്തിയിരുന്ന ഒരു സംസ്കാരമാണ് ഭാരതത്തിൽ നിലനിന്നിരുന്നതെന്ന് തുടർന്നുള്ള പഠനങ്ങളിൽനിന്ന് വ്യക്തമായി. ഇന്ത്യയുടെ വടക്കു പടിഞ്ഞാറു, സിന്ധുനദിതീരത്തു മാത്രമായി ഒതുങ്ങിനിന്ന ഒരു സംസ്കാരമായിരുന്നില്ല അത് ഇന്ത്യൻ ഉപഭൂഖണ്ഡം മുഴുവനും മദ്ധ്യധരണ്യാഴി തീരങ്ങളും ഉൾപ്പെടെ അതിവിപുലമായ ഒരു ഭൂപ്രദേശത്ത് വ്യാപിച്ചിരുന്ന സംസ്കാരമായിരുന്നു സിന്ധുനാഗരികത. അതു ദ്രാവിഡസംസ്കാരമായിരുന്നുവെന്ന് മിക്ക ചരിത്രകാരന്മാരും ഇന്നു സമ്മതിക്കുന്നുണ്ട്. എന്നാൽ പുരാതന ദ്രാവിഡ സംസ്കാരത്തിന്റെ വ്യാപ്തിയെക്കുറിച്ചോ അവരുടെ ചിന്തകളെക്കുറിച്ചോ കാര്യമായ അറിവുകളൊന്നും ചരിത്രകാരന്മാർക്ക് ആർക്കും ലഭ്യമായിട്ടില്ല. സുകുമാരകലകൾ, കരകൗശലവിദ്യകൾ, കെട്ടിടനിർമ്മാണം, നഗരാസൂത്രണം തുടങ്ങിയ കാര്യങ്ങളിൽ സൈന്ധവജനത അത്ഭുതകരമായ സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നുവെന്നതിന് ധാരാളം തെളിവുകളുണ്ട്.

'സംസ്കാരത്തിന്റെ ആട്ടുതൊട്ടി'ലാണ് സിന്ധു നദീതടസംസ്കാരം. ലോകത്ത് അറിയപ്പെടുന്ന പുരാതന സംസ്കാരങ്ങളെല്ലാം നദീതടങ്ങളിലായിരുന്നു. മറ്റു നദീതട സംസ്കാരങ്ങളുടെയെല്ലാം കേന്ദ്രം എന്ന നിലയ്ക്കാണ് സിന്ധുനദീതട സംസ്കാരത്തെ കണക്കാക്കിയിരുന്നത്. സംകാലീന സംസ്കാരങ്ങളെല്ലാം പ്രചോദന മുൾകൊണ്ടിരുന്നത് സൈന്ധവ സംസ്കാരത്തിൽ നിന്നാണ് എന്നതിന് വ്യക്തമായ തെളിവുകളുണ്ട്.

18. सौंदर्य-बोध

കൃഷി വിഭവങ്ങൾ തയ്യാറാക്കാനും കൊയ്തെടുക്കുന്ന നെൽക്കറ്റകൾ ശേഖരിച്ചു മെതിക്കാനും വയൽക്കരയിൽ തയ്യാറാക്കിയിരുന്ന 'തറ'യാണ് കളം. അവിടെ നിർമ്മിക്കുന്ന 'പുര'യെ 'കളപ്പുര'യെന്നു വിളിച്ചു. കൊയ്തുത്സവകാലത്ത് കാർഷിക ദേവതയെ സ്തുതിച്ച് കളങ്ങളിൽ വച്ചു പാടിയ പാട്ടുകളായിരുന്നു 'കളംപാട്ടുകൾ'. കളത്തിൽ ധൂളികൾകൊണ്ട് ദേവതാരൂപം വരയ്ക്കുന്നതാണ് 'കളമെഴുത്തുകൾ'. ദ്രാവിഡഭാഷയിൽ 'കള്'ത്തിന് ദേവതാരാധനാ സ്ഥലം എന്നും അർത്ഥമുണ്ട്. 'കള്'ത്തിനുപകരം നിൽക്കുന്ന സംസ്കൃതപദമാണ് 'ക്ഷേത്രം'. 'ധാന്യങ്ങൾ ഇതിൽ വസിക്കുന്നു' എന്നാണ് ക്ഷേത്രപദത്തിന്റെ നിരുക്താർത്ഥം. പത്നിയുടെ ശരീരമെന്നും ഇതിന് അർത്ഥമുണ്ട്. പ്രാചീനകാലത്ത് മിക്ക ക്ഷേത്രങ്ങളും കാർഷികവിളഭൂമികൾക്കരികിലോ വയൽക്കരയിലോ ആണ് പണിതിരുന്നത്. സ്ത്രീയുടെ ജനനേന്ദ്രിയത്തിന്റെ ഘടനയിലും സങ്കല്പത്തിലുമാണ് ക്ഷേത്രനിർമിതി. ഇടനാഴി യോനിനാളവും ഉൾഭാഗം ഗർഭഗൃഹവുമാണ്. ഗർഭഗൃഹത്തിനുള്ളിൽ ഭ്രൂണരൂപേണ പ്രതിഷ്ഠ സ്ഥിതിചെയ്യുന്നു. കാർഷികോത്സവങ്ങളിലെ രത്യാനുഷ്ഠാനങ്ങളുടെയും രതിഗാനങ്ങളുടെയും ശക്തമായ സ്വാധീനമാണ് ദേവദാസിസമ്പ്രദായവും രതിശില്പസംവിധാനവും.

സൗന്ദര്യബോധം അധ്വാനജന്യമാണ്, സംസ്കാരജന്യമാണ് എന്നൊക്കെ പറയുമ്പോൾ ശുദ്ധസൗന്ദര്യപക്ഷപാതികൾ നെറ്റിചുളിക്കും. സൗന്ദര്യബോധത്തെ കേവലമായ ആശയമായി കാണുന്നതുകൊണ്ടുള്ള തെറ്റിദ്ധാരണയാണ്. സംസ്കാരമാണ് സൗന്ദര്യം എന്നോ സൗന്ദര്യബോധമാണ് സംസ്കാരമെന്നോ പറയാം.

19. प्रकृति और ऋतुचक्र

## പ്രകൃതിയും ഋതുചക്രവും

പ്രകൃതിക്ക് ധാരാളം സമയമുണ്ട്. എന്നാലും പൂ വിരിയുന്ന കാര്യത്തിലും വിരിയുന്ന പൂവ് കൂമ്പുന്ന കാര്യത്തിലുമെല്ലാം കൃത്യമായ സമയനിഷ്ഠയുണ്ട്. ചെടികളിലും മരങ്ങളിലും ഇലയും പൂവും വരുന്നതു പോലെയാണ് ഈ ഭൂമണ്ഡലത്തിൽ ഋതുക്കൾ വരുന്നത്. ശിശിരം കഴിഞ്ഞാൽ വസന്തം വരും. വസന്തം എത്രതന്നെ ആഹ്ലാദകാരിയാണെങ്കിലും ഒരോ വസന്തത്തിനുമറിയാം ഇനി പൂക്കളിൽ നിന്നു പഴങ്ങളും ബീജങ്ങളും വരേണ്ട സമയമാണെന്ന്. പൂവ് വിരിഞ്ഞപ്പോൾ അത് എത്ര നിശ്ശബ്ദമായിട്ടായിരുന്നോ, അതുപോലെ ഉച്ചവെയിലിൽ പവനൻ വരുമ്പോൾ ആവശ്യം കഴിഞ്ഞ പൂവിന്റെ ദലങ്ങളെയെല്ലാം പൂവിനു വേദനുക്കാതെ തന്നെ കാറ്റിൽ പറത്തിക്കളയും. പിന്നെ പൂക്കളും വഹിച്ചുനിന്ന ചെടികളും മരങ്ങളുമെല്ലാം അമ്മയെപ്പോലെയാണ്. അവരുടെ ഗർഭത്തിലിരിക്കുന്ന അടുത്ത തലമുറയെ കൊണ്ടുവരാൻ ചൂട് വേണം. അതുകൊണ്ട് ശരത്ക്കാലം വരും. വർഷം വരുന്നതിന് മുമ്പ് വിളവെടുപ്പുകാലമാകും. പിന്നെയും വിത്തുകളെല്ലാം പുനരാവിർഭാവത്തിന് തയാറാകുമ്പോഴേക്കും കടലിൽ നിന്നു കറുത്ത മഴമേഘങ്ങൾ ആകാശത്തിലേക്ക് പൊന്തിവരും. അപ്പോൾ മാത്രമേ പ്രകൃതി മൗനം ഭഞ്ജിക്കാറുള്ളു. ലോകം അറിയണം ആകാശത്തു നിന്നു കൃപാരസം വരുന്നുണ്ടെന്ന്. പത്തു ചതുരശ്രഗജം മുതൽ ആയിരം ചതുരശ്രമൈൽ വരെ പരന്നുപെയ്യുന്ന മഴകളുണ്ട്. ഭൂമിക്കുമുഴുവനും ജീവനും പകർന്നു കൊടുക്കുന്ന സമയമാണിത്. അപ്പോൾ മേഘങ്ങൾ പൊട്ടിച്ചിരിക്കും. ഇരുൾ കീറുന്നതുപൊലെ വൈദ്യുതി പ്രവാഹമുണ്ടാകും. മഴയെല്ലാം തീർന്നു കഴിഞ്ഞാൽ പിന്നെ ഭൂമിയും കർഷകനും അടുത്ത പരിപാടിക്ക് തയാറെടുക്കുകയാണ്.

ഭൂമിക്കും വേണം വിശ്രമം. മരങ്ങൾക്ക് എപ്പോഴും ഉടുത്തൊരുങ്ങി നിൽക്കാനല്ല ആഗ്രഹം. ഹേമന്തം വരുമ്പോഴേക്കും ഇലയെല്ലാം പൊഴിച്ചു കളയണം. പിന്നെ ഇലയില്ല, പൂവില്ല, കായില്ല. ആന്മാവിലെന്നപൊലെ വൃക്ഷലതാദികൾ നഗ്നമായി നിൽക്കും. ഇത് മനുഷ്യന് പ്രകൃതി നൽകുന്ന മൗനത്തിൽക്കൂടിയുള്ള സമാധാനപാഠമാണ്.

*(നിത്യ ചൈതന്യ യതി)*

20. नारी संरक्षण नियम कानून

### സ്ത്രീ - സംരക്ഷണ നിയമങ്ങൾ

നൂറ്റാണ്ടുകളായിത്തന്നെ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തി പലവിധ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയരാക്കിയിരുന്ന, സമൂഹത്തിന്റെ പകുതിയോളം വരുന്ന സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുക എന്നത് സ്വതന്ത്ര ഇന്ത്യ ഏറ്റെടുക്കേണ്ടി വന്ന മറ്റൊരു വെല്ലുവിളിയായിരുന്നു. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ സ്ത്രീ-പുരുഷ സമത്വം എന്ന സങ്കല്പനം പൂർണമായും ഉൾക്കൊണ്ടു തന്നെയാണ്. നമ്മുടെ ഭരണഘടനയും പൗരന്മാരുടെ മൗലിക അവകാശങ്ങളെ പ്പറ്റി പ്രതിപാദിച്ചത്. അനുച്ഛേദം 14, 15, 16 എന്നിവയിലൂടെ അർത്ഥശങ്കയ്ക്കിടയില്ലാത്ത തരത്തിൽ സ്ത്രീ-പുരുഷ സമത്വം ഉറക്കെ പ്രഖ്യാപിക്കുകയും സ്ത്രീകൾക്കെതിരെയുള്ള എല്ലാവിധ വിവേചനങ്ങളും തടയുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ തന്നെ നിത്യജീവിതത്തിൽ സമൂഹം അനുഭവിച്ചുകൊണ്ടിരിക്കുന്ന പലേ സ്ത്രീവിരുദ്ധ പ്രവർത്തനങ്ങളും അവസാനിപ്പിക്കാൻ നിയമങ്ങൾക്കു രൂപം നൽകാനും തുടങ്ങി. അവയിൽ ഏറ്റവും പ്രധാനപ്പെട്ട ചില നിയമങ്ങളെപ്പറ്റി മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

### സ്ത്രീധന നിരോധന നിയമം

സാമൂഹ്യപരിഷ്കർത്താക്കളും ചിന്തകന്മാരും മനുഷ്യാവകാശ പ്രവർത്തകരുമെല്ലാം ഇങ്ങനെയൊരു നിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് ശക്തമായ ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും 1961 ൽ മാത്രമാണ് ഇത്തരത്തിൽ സ്ത്രീധന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. വിവാഹത്തോടനുബന്ധിച്ച് സ്ത്രീധനം ആവശ്യപ്പെടുന്നതും കൊടുക്കുന്നതും നിരോധിച്ചുകൊണ്ടുള്ള നിയമം ആണ് നിർമ്മിച്ചത്. ഈ നിയമത്തെ ഒരു ഐതിഹാസികമായ സാമൂഹ്യപരിഷ്കരണ നിയമമായി വാഴ്ത്തപ്പെടുകയും ചെയ്തു.